# പതിനാലാം കേരള നിയമസഭ

## രണ്ടാംസമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1599

## 04.10.2016 ലെ മറുപടിയ്ക്ക്

**ട്രഷറികളിൽ എ.റ്റി.എം സംവിധാനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ശ്രീ. റ്റി. എം. തോമസ് ഐസക്ക് |
| (എ) | സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; | സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് ATM ലൂടെ പിൻവലിക്കുന്നതിനുമുള്ള സൗകര്യമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | സംസ്ഥാനത്ത് എത്ര ട്രഷറികൾക്ക് സ്വന്തമായി ഓഫീസ് മന്ദിരം ഉണ്ട്; വാടകയ്ക്ക് പ്രവർത്തിക്കുന്ന ട്രഷറികളെ സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | സംസ്ഥാനത്ത് 152 ട്രഷറികൾക്ക് സ്വന്തമായി ഓഫീസ് മന്ദിരം ഉണ്ട്. വാടകയ്ക്ക് പ്രവർത്തിക്കുന്ന ട്രഷറികളെ സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന മിനി സിവിൽ സ്റ്റേഷൻ മന്ദിരങ്ങളിൽ ട്രഷറികൾക്ക് അനുവദിച്ചിട്ടുള്ള സ്ഥലത്ത് പണി പൂർത്തിയാകുന്ന മുറയ്ക്ക് ട്രഷറികൾ മാറ്റി. സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.ഇതിനോടകം വകുപ്പിന് സ്ഥലം കൈമാറി കിട്ടിക്കഴിഞ്ഞ 18 ട്രഷറികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. സ്ഥലം കൈമാറി കിട്ടുന്നതിനുള്ള നടപടി വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്ന മറ്റ് 18 ട്രഷറികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതിയും നിലവിൽ പരിഗണനയിലാണ്. ട്രഷറി ആസ്ഥാന മന്ദിര നിർമ്മാണത്തിനായി തിരുവനന്തപുരം പി.എം.ജി-യിലുള്ള പൊതുമരാമത്ത് (റോഡ് സ് ഡിവിഷൻ) വകുപ്പിന്റെ സ്ഥലം കൈമാറുന്നതിനുള്ള നടപടികളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ